**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 56** | **29-01-2024 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. ജീവനക്കാരന്റെ മുഴുവൻ സീനിയോറിറ്റിയും ആനുകൂല്യങ്ങളും നല്കാൻ അടിയന്തിര നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷനിലെ ജീവനക്കാരനായ ജോൺസൻ ജി -ക്ക് നിയമപരമായി ലഭിക്കാൻ അർഹതയുള്ള മുഴുവൻ സീനിയോറിറ്റിയും സാമ്പത്തിക ആനുകൂല്യങ്ങളും നൽകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (എ) | 28.04.2022 -ലെ EST3-3/34872/06/GW നമ്പർ ഉത്തരവ് പ്രകാരം ശ്രീ. ജോൺസൺ ജി -യുടെ 22.10.2003 മുതൽ 18.10.2016 വരെയുള്ള കാലയളവിലെ ടിയാന്റെ സീനിയോറിറ്റി പുനർ നിർണയിച്ച് Notional Promotion അനുവദിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവീസ് കമ്മീഷനിൽ സേവനത്തിലിരിക്കെ പഞ്ചായത്ത് വകുപ്പിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് 25.06.2004 -ൽ വിടുതൽ ചെയ്ത ശ്രീ. ജോൺസൺ ജി-യെ 03.04.2013 -ൽ കേരള പബ്ലിക് സർവീസ് കമ്മീഷനിൽ പുന:പ്രവേശിപ്പിക്കുകയും 18.10.2016 വരെയുള്ള സീനിയോറിറ്റി പുനർനിർണ്ണയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ പുന:പ്രവേശിച്ചതിനു ശേഷം താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം മുഖേന അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിനായി ഒഴിവ് നിലവിൽ വന്ന ക്രമത്തിൽ ടിയാൻ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 15.10.2016 -ലെ EST II(2)43180/2008/GW നമ്പർ ഉത്തരവ് പ്രകാരം 19.10.2016 മുതൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകുകയും അതിനു തുടർച്ചയായി ടി കേഡറിലെ ഉദ്യോഗക്കയറ്റം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | 2006 മുതൽ 2016 വരെയുള്ള സീനിയോരിറ്റി ഇദ്ദേഹത്തിനു നൽകാത്തത് ഏതു ചട്ടപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ; ഇദ്ദേഹത്തിന് അർഹതപ്പെട്ട 2003 മുതലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ നൽകാതെ നോഷണൽ ആക്കാൻ ഏതു ചട്ടപ്രകാരമാണ് തീരുമാനിച്ചത് എന്ന് വ്യക്തമാക്കുമോ; | (ബി) | 28.04.2022 -ലെ EST3-3/34872/06/GW നമ്പർ ഉത്തരവ് പ്രകാരം ശ്രീ. ജോൺസൺ ജി -യുടെ 22.10.2003 മുതൽ 18.10.2016 വരെയുള്ള കാലയളവിലെ ടിയാന്റെ സീനിയോറിറ്റി പുനർ നിർണയിച്ച് Notional Promotion അനുവദിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവീസ് കമ്മീഷനിൽ സേവനത്തിലിരിക്കെ പഞ്ചായത്ത് വകുപ്പിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് 25.06.2004 -ൽ വിടുതൽ ചെയ്ത ശ്രീ. |

| | | | |
|---|---|---|---|
| | | | ജോൺസൺ ജി-യെ 03.04.2013 -ൽ കേരള പബ്ലിക് സർവീസ് കമ്മീഷനിൽ പുന:പ്രവേശിപ്പിക്കുകയും 18.10.2016 വരെയുള്ള സീനിയോറിറ്റി പുനർനിർണ്ണയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ പുന:പ്രവേശിച്ചതിനു ശേഷം താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം മുഖേന അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിനായി ഒഴിവ് നിലവിൽ വന്ന ക്രമത്തിൽ ടിയാൻ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 15.10.2016 -ലെ EST II(2)43180/2008/GW നമ്പർ ഉത്തരവ് പ്രകാരം 19.10.2016 മുതൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകുകയും അതിനു തുടർച്ചയായി ടി കേഡറിലെ ഉദ്യോഗക്കയറ്റം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷയത്തിൽ സർക്കാർ നൽകിയ രണ്ട് ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ; ഇങ്ങനെ വ്യക്തമായി സർക്കാർ ഉത്തരവ് നൽകിയിട്ടും ആയതു നടപ്പാക്കാതെ നീട്ടികൊണ്ട് പോകുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല എന്ന് വ്യക്തമാക്കുമോ; | (സി) | പൊതുഭരണ വകുപ്പ് നൽകിയ കത്തുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | ജോൺസൻ ജി -ക്ക് മുഴുവൻ സീനിയോറിട്ടിക്കും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടെന്നു മൂന്ന് കോടതി ഉത്തരവുകൾ ഉണ്ടായിട്ടും അതു നടപ്പാക്കാത്തത് സംബന്ധിച്ച് പി.എസ്.സി. എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ഡി) | കോടതി ഉത്തരവുകൾ പ്രകാരം ശ്രീ.ജോൺസൺ ജി-യ്ക്ക് അർഹതപ്പെട്ട സീനിയോറിറ്റി അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാന സർക്കാർ നൽകിയ രണ്ടാമത്തെ ഉത്തരവിനെ തുടർന്ന് എല്ലാ ആനുകൂല്യങ്ങളും നല്കാൻ പി.എസ്.സി സെക്രട്ടറി ഉത്തരവായിട്ടും അത് നല്കാൻ കഴിയില്ല എന്ന് നോട്ട് എഴുതിയ അസ്സിസ്റ്റന്റിനും സെക്ഷൻ ഓഫീസർക്കും എതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ഇ) | കോടതി ഉത്തരവുകൾ പ്രകാരം ശ്രീ.ജോൺസൺ ജി-യ്ക്ക് അർഹതപ്പെട്ട സീനിയോറിറ്റി അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (എഫ്) | ഒൻപതാം നിയമസഭാ സമ്മേളനത്തിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചോദിച്ച ചോദ്യങ്ങൾക്ക് വസ്തുതാവിരുദ്ധവും വ്യക്തമല്ലാത്തതുമായ ഉത്തരങ്ങൾ നൽകിയ പി.എസ്.സി യിലെ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എഫ്) | പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ചോദ്യത്തിനുള്ള മറുപടി ലഭ്യമാക്കിയത്. മറുപടിയിൽ വസ്തുതാവിരുദ്ധമായ വിവരങ്ങൾ നൽകിയതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ജി) | ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന പി.എസ്. സി. യിലെ ഉദ്യോഗസ്ഥർക്കെതിരെ പി. എസ്.സി. നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ജി) | പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ചോദ്യത്തിനുള്ള മറുപടി ലഭ്യമാക്കിയത്. മറുപടിയിൽ വസ്തുതാവിരുദ്ധമായ വിവരങ്ങൾ നൽകിയതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

815832/2023/ESTT III KPSC HQ

1175

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്

നമ്പർ.സ്പെ.ഇ1/117/2020/പൊഭവ

02/06/2021,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം

സർ,

വിഷയം:- പൊഭവ - കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അസിസ്റ്റന്റായ ശ്രീ.ജോൺസൺ.ജി മാതൃവകുപ്പിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കേണ്ടിയിരുന്ന സീനിയോറിറ്റി അനുവദിക്കുന്നത് - സ്പഷ്ടീകരണം - സംബന്ധിച്ച്

സൂചന:- താങ്കളുടെ 15.12.2020 തീയതിയിലെ എസ്റ്റാ III (3)34872/2006/GW നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ ജോലി നോക്കിവരുന്ന ശ്രീ.ജോൺസൺ.ജി-യ്ക്ക് 19/3/2013 - ൽ അറ്റൻഡർ ഗ്രേഡ് തസ്തികയിലേക്ക് പുനർനിയമനം നൽകിയ സാഹചര്യത്തിൽ 14/6/2013 - തീയതിയിലെ GO(P)No. 19/2013/P&ARD - പ്രകാരം കെ.എസ് & എസ്.എസ്.ആർ, ഭാഗം-2, ചട്ടം - 8 ൽ വരുത്തിയ ഭേദഗതി ടിയാന്റെ പുനർനിയമനകാര്യത്തിൽ ബാധകമാകുന്നില്ല. ആയതിനാൽ പി.എസ്.സിയിൽ പുനർനിയമനത്തിന് ശേഷം ശ്രീ.ജോൺസൺ. ജി - യ്ക്ക് പ്രസ്തുത ഭേദഗതിയ്ക്ക് മുമ്പുള്ള ചട്ടം - 8 ലെ വ്യവസ്ഥകൾ പ്രകാരമുള്ള സർവ്വീസ് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുമെന്നുള്ള വിവരം താങ്കളെ അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

Prasantha V K
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.സ്പെ.ഇ1/145/2021/പൊഭവ

പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്
06/12/2021,തിരുവനന്തപുരം.

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം

സർ,

വിഷയം:- പൊഭവ - ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ അസിസ്റ്റന്റായി ജോലി നോക്കിവരുന്ന ശ്രീ.ജോൺസൺ.ജിസ്റ്റ് മാതൃവകുപ്പിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കേണ്ടിയിരുന്ന സീനിയോറിറ്റി അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) 02.06.2021 തീയതിയിലെ സ്പെ.ഇ1/117/2020/പൊഭവ നമ്പർ സർക്കാർ കത്ത്.
2) താങ്കളുടെ 28.10.2021 തീയതിയിലെ എസ്റ്റാ.III (3) 34872/2006/GW നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ അസിസ്റ്റന്റായി ജോലി നോക്കിവരുന്ന ശ്രീ.ജോൺസൺ.ജിസ്റ്റ് മാതൃവകുപ്പിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കേണ്ടിയിരുന്ന സീനിയോറിറ്റി അനുവദിക്കുന്നത് സംബന്ധിച്ച് സൂചന 1 പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ വീണ്ടും സ്പഷ്ടീകരണം നൽകേണ്ട ആവശ്യമില്ല. മേൽ സാഹചര്യത്തിൽ സൂചന 1 ലെ കത്തിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Prasantha V K
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി